File No.FWLD-F2/116/2019-FWLD

14476
21/8/19

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

വനം വന്യജീവി വകുപ്പ്-ജീവനക്കാര്യം-വനം വകുപ്പിൽ തിരുവനന്തപുരം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ.രതീഷ് ചന്ദ്രൻ.സി.ജി-യുടെ പിതാവിന്റെ ചികിത്സക്കായി പലിശരഹിത വായ്പ അനുവദിച്ച് ഉത്തരവാകുന്നു.

---

വനം വന്യജീവി (എഫ്) വകുപ്പ്

G.O.(Rt)No.330/2019/F&WLD    തീയതി,തിരുവനന്തപുരം, 14/08/2019

---

പരാമർശം:- 1 ജി.ഒ.(പി).നം.45/97/ആരോഗ്യകുടുംബക്ഷേമ വകുപ്പ്, തീയതി: 18.02.1997.

2 ജി.ഒ.(പി).നം.285/200/ആരോഗ്യകുടുംബക്ഷേമ വകുപ്പ്, തീയതി: 02.11.2000.

3 ജി.ഒ.(പി).നം.298/2001/ആരോഗ്യകുടുംബക്ഷേമവകുപ്പ്, തീയതി: 20.11.2001.

4 ഭരണ വിഭാഗം ഉപമുഖ്യവനപാലകന്റെ 10.07.2019-ലെ കെ എഫ് ഡി എച്ച് ക്യൂ/4117/2019-അഡ്മിൻ/എച്ച്2 നമ്പർ കത്ത്.

<u>ഉത്തരവ്</u>

വനം വകുപ്പിൽ തിരുവനന്തപുരം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ.രതീഷ് ചന്ദ്രൻ.സി.ജി ( ജനന തീയതി: 20.05.1980, പെൻ നം.729454) തന്റെ പിതാവിന്റെ ചികിത്സക്കായി തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററിലെ ചെലവിലേക്കായി 2,50,000/-രൂപ (രണ്ട് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) പലിശരഹിത വായ്പ അനുവദിക്കുന്നതിനായി സമർപ്പിച്ച അപേക്ഷയും അനുബന്ധ രേഖകളും പരാമർശം (4) പ്രകാരം ഉപമുഖ്യവനപാലകൻ ശുപാർശ ചെയ്ത് അയച്ചിരുന്നു.

2). സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം 1,2,3 ഉത്തരവുകളിലെ വ്യവസ്ഥകൾക്ക് വിധേയമായി, വനം വകുപ്പിൽ തിരുവനന്തപുരം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ.സി.ജി.രതീഷ് ചന്ദ്രന്റെ പിതാവിന് തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററിൽ Carcinoma Lung ചികിത്സക്കായി 2,50,000/-രൂപ (രണ്ട് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) പലിശരഹിത വായ്പ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇതുമായി ബന്ധപ്പെട്ട ചെലവ് " 7610-00-800-95(02) " എന്ന ശീർഷകത്തിൽ നിന്നും കുറവ് വരുത്തേണ്ടതാണ്.

3). ഇപ്രകാരം അനുവദിച്ച 2,50,000/- രൂപയുടെ പലിശ രഹിത ചികിത്സാ വായ്പ, ശ്രീ.രതീഷ് ചന്ദ്രൻ.സി.ജി സമർപ്പിക്കേണ്ട മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് ക്ലെയിമിൽ ക്രമപ്പെടുത്തേണ്ടതും ശേഷിക്കുന്ന തുകയുണ്ടെങ്കിൽ ആയത് അപേക്ഷകന് നൽകേണ്ടതുമാണ്. ബന്ധപ്പെട്ട മെഡിക്കൽ ഓഫീസർ മേലൊപ്പിട്ട ഉപയുക്തതാ സർട്ടിഫിക്കറ്റ് പ്രസ്തുത വായ്പ കൈപ്പറ്റുന്ന തീയതി മുതൽ 3 മാസത്തിനകം അപേക്ഷകൻ ഹാജരാക്കേണ്ടതാണ്. പലിശ രഹിത ചികിത്സാ വായ്പ സർക്കാർ അനുമതിയോടെ 6 മാസത്തിനകം ക്രമപ്പെടുത്തേണ്ടതും അല്ലാത്ത പക്ഷം 12% നിരക്കിൽ പിഴപ്പലിശ വായ്പക്കാരനിൽ നിന്നും ഈടാക്കുന്നതുമാണ്. പ്രസ്തുത പലിശ രഹിത ചികിത്സാവായ്പ തുക ദുരുപയോഗപ്പെടുത്തുകയോ ഉപയോഗപ്പെടുത്താതിരിക്കുകയോ ചെയ്യുന്ന പക്ഷം ആയത് മൊത്തമായി തിരിച്ച് പിടിക്കുന്നതാണ്. കൂടാതെ വായ്പക്കാരനെതിരെ അച്ചടക്ക നടപടിയും സ്വീകരിക്കുന്നതാണ്. പ്രസ്തുത വായ്പ വിതരണം ചെയ്യുന്നതിന് മുൻപായി വായ്പ തുക, വായ്പ അനുവദിച്ച ഉത്തരവിന്റെ നമ്പറും തീയതിയും ഉൾപ്പെടെയുള്ള വിവരങ്ങൾ വായ്പക്കാരന്റെ സേവനപുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതാണ്. വായ്പ കൈപ്പറ്റാതിരിക്കുകയോ റദ്ദ് ചെയ്യപ്പെടുകയോ ചെയ്യുന്ന സാഹചര്യത്തിൽ പ്രസ്തുത വിവരം സർക്കാരിനെ കൃത്യമായും അറിയിക്കേണ്ടതാണ്. കൂടാതെ ശ്രീ.രതീഷ് ചന്ദ്രൻ.സി.ജി-യുടെ പിതാവ് ഒരു സർവീസ് പെൻഷണർ അല്ലെന്നും പൂർണ്ണമായും അപേക്ഷകനെ ആശ്രയിച്ച് കഴിയുകയാണെന്നും ഉപമുഖ്യവനപാലകൻ ഉറപ്പ് വരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
S PRAVEEN
JOINT SECRETARY

ഉപമുഖ്യവനപാലകൻ (ഭരണം), തിരുവനന്തപുരം.

ശ്രീ.രതീഷ് ചന്ദ്രൻ സി ജി, (ഉപമുഖ്യവനപാലകൻ മുഖാന്തരം).

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്),കേരള,തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ & ഇ),കേരള,തിരുവന്തപുരം.

സബ് ട്രഷറി, വെള്ളയമ്പലം.

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് ( ജി2/1386/2019/ആരോഗ്യ കുടുംബക്ഷേമ വകുപ്പ് ).

ധനകാര്യ വകുപ്പ് (നം.1270800/എൽ3/471/2019-ധന ).

വെബ് & ന്യൂ മീഡിയ.

വനം വന്യജീവി (പി എസ്) വകുപ്പ്.

സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി.

Signature valid
Digitally signed by SAJEEVAN M K
Date: 2019.08.14 17:10:54 IST
Reason: Approved